സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
മഹിളാവീഥി
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
പ്രവാസി റിവ്യൂ
മാഗസിൻ

2023 ജൂൺ 11 ഞായർ    ptnizar@rediffmail.com    9037319971    www.peoplesreview.co.in

PUBLISHED FROM KOZHIKODE    email: peoplesreviewdaily@gmail.com    Ph. 0495 2769086, 9037319971    P.B. NO. 15    വില: 2 രൂപ



## ആയുധവേട്ട നടത്തി സൈന്യം; മണിപ്പൂരിൽ നാല് ജില്ലകളിൽ പരിശോധന

ഇംഫാൽ: കലാപന്തരീക്ഷം തുടരുന്ന മണിപ്പൂരിൽ ആയുധവേട്ട നടത്തി സൈന്യം. നാല് ജില്ലകളിലാണ് സൈന്യം പരിശോധന നടത്തിയത്. ഇംഫാൽ ഈസ്റ്റ്, ബിഷ്ണുപൂർ ഉൾപ്പെടെയുള്ള നാല് ജില്ലകളിൽനിന്നാണ് ബോംബുകളും തോക്കുകളുമുൾപ്പെടെയുള്ള ആയുധങ്ങൾ കണ്ടെത്തിയത്. മണിപ്പൂർ കലാപത്തിൽ പോലിസ് ഇതുവരെ 3,734 കേസുകളെടുത്തു.

കഴിഞ്ഞമാസം മൂന്നാം തീയതി തുടങ്ങിയ കലാപത്തിൽ ഇതുവരെ സർക്കാർ കണക്കിൽ നൂറോളം ആളുകളാണ് കൊല്ലപ്പെട്ടത്. മുപ്പത്തയ്യായിരത്തോളം ആളുകളെ മാറ്റിപ്പാർപ്പിച്ചു. അതേസമയം മണിപ്പൂരിൽ കലാപത്തിനിടെ പലായനം ചെയ്തവർക്ക് 101.75 കോടി രൂപയുടെ ദുരിതാശ്വാസ പാക്കേജ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രഖ്യാപിച്ചു. സാമുദായിക സംഘർഷത്തെപ്പറ്റി വിശദമായി അന്വേഷിക്കാനായി പ്രത്യേക അന്വേഷണ സംഘത്തിന് സി.ബി.ഐ രൂപം നൽകി. ഡി.ഐ.ജി റാങ്കിലുള്ള ഉദ്യോഗസ്ഥൻ നേതൃത്വം നൽകുന്ന 10 അംഗ സംഘം സംസ്ഥാന സർക്കാർ നിർദേശിച്ച ആറ് കേസുകളിൽ വിശദമായ അന്വേഷണം നടത്തും. കലാപത്തിന് പിന്നിലെ ക്രിമിനൽ ഗൂഢാലോചനയുമായി ബന്ധപ്പെട്ടതാണ് ഈ കേസുകളെല്ലാം. മണിപ്പൂർ സന്ദർശിച്ചതിന് പിന്നാലെ ഈ കേസുകളിൽ സി.ബി.ഐ അന്വേഷണം നടത്തുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ വ്യക്തമാക്കിയിരുന്നു. ഇന്നലെ ഖൊക്കൻ ഗ്രാമത്തിലുണ്ടായ വെടിവയ്പ്പിൽ കുകി വിഭാഗക്കാരായ മൂന്നുപേർ കൊല്ലപ്പെട്ടിരുന്നു. അസം റൈഫിൾസാണ് മൂവരുടെയും മൃതദേഹങ്ങൾ വീണ്ടെടുത്തത്. കരസേനയുടെ നേതൃത്വത്തിൽ പ്രദേശത്ത് കനത്ത സുരക്ഷ ഏർപ്പെടുത്തി.

# ആമസോൺ വനത്തിൽ കാണാതായ നാല് കുട്ടികളേയും ജീവനോടെ കണ്ടെത്തി

### വിമാനം തകർന്ന് വനത്തിൽ അകപ്പെട്ട കുട്ടികളെ കണ്ടെത്തിയത് 40 ദിവസത്തെ തിരച്ചിലിന് ശേഷം

ബൊഗോട്ട: ആമസോൺ കാടുകളിൽ വിമാനം തകർന്ന് വീണ് കാണാതായ കുട്ടികളെ 40 ദിവസത്തിന് ശേഷം കണ്ടെത്തി. കൊളംബിയയിൽ തകർന്ന വിമാനത്തിൽ നിന്ന് കാണാതായ പതിനൊന്ന് മാസം പ്രായമുള്ള കുഞ്ഞ് ഉൾപ്പെടെയുള്ള നാല് സഹോദരങ്ങളെയാണ് കണ്ടെത്തിയത്. കുട്ടികളുടെ ചിത്രം ഉൾപ്പെടെ വിവരങ്ങൾ പങ്കുവച്ച് കൊളംബിയൻ പ്രസിഡന്റ് ഗസ്താവോ പെട്രോയാണ് ഇക്കാര്യം സ്ഥിരീകരിച്ചത്. അപകടം നടന്നതിന് സമീപത്തുള്ള കൊളംബിയ കാക്വറ്റ-ഗ്വാവിയർ പ്രവിശ്യയിലെ അതിർത്തിക്കടുത്തയാണ് സൈന്യം കുട്ടികളെ കണ്ടെത്തുന്നത്. മെയ് ഒന്നിനുണ്ടായ വിമാന അപകടത്തിലാണ് പതിനൊന്ന് മാസം പ്രായമുള്ള പിഞ്ചുകുഞ്ഞും നാലും, ഒൻപതും, പതിമൂന്നും വയസുള്ള സഹോദരങ്ങൾ കാട്ടിൽ അകപ്പെട്ടത്. എൻജിൻ തകരാറിനെ തുടർന്ന് ഇവർ സഞ്ചരിച്ചിരുന്ന സെസ്ന 206 വിമാനം തകർന്ന് വീഴുകയായിരുന്നു. ആമസോണിലെ അരാറക്വാറയിൽ നിന്ന് സാൻ ജോസ് ഡേൽ ഗ്വവിയാരേയിലേക്കുള്ള യാത്രാമധ്യേ ആയിരുന്നു അപകടം. കുട്ടികൾ അടക്കം ഏഴ് പേരായിരുന്നു ചെറുവിമാനത്തിലെ യാത്രക്കാർ. പൈലറ്റും കുട്ടികളുടെ അമ്മയും ഉൾപ്പെടെ മൂന്ന് പേരാണ് അപകടത്തിൽ കൊല്ലപ്പെട്ടത്. ഇവരുടെ മൃതദേഹം വിമാനാവശിഷ്ടങ്ങൾക്ക് സമീപത്ത് നിന്ന് കണ്ടെത്തിയിരുന്നു. എന്നാൽ വിമാനത്തിലുണ്ടായിരുന്ന കുട്ടികളെ കണ്ടെത്താനായിരുന്നില്ല. അതേസമയം കുട്ടികൾ അപകടത്തിൽ നിന്ന് രക്ഷപ്പെട്ടതിനുള്ള തെളിവുകൾ രക്ഷാ പ്രവർത്തകർ പുറത്ത് വിട്ടിരുന്നു. കമ്പുകളും ചില്ലകളും ഉപയോഗിച്ച് നിർമിച്ച താൽക്കാലിക ഷെഡും കുട്ടികളുടെ ഹെയർ ക്ലിപ്പും ഫീഡിംഗ് ബോട്ടിലും പാതി ഭക്ഷിച്ച പഴങ്ങളും കണ്ടെത്തിയതിന് പിന്നാലെ സേനയുടെ നിരവധി സംഘങ്ങളാണ് അഗ്നി രക്ഷാ സേനയ്ക്കൊപ്പം ആമസോൺ കാട് അരിച്ച് പെറുക്കിയത്. കൊളംബിയയുടെ സേനാ ഹെലികോപ്ടറുകളും വ്യോമസേനയും തെരച്ചിലിൽ ഭാഗമായിരുന്നു. നിരവധി നായ്കളേയും തെരച്ചിലിനായി ഉപയോഗിച്ചു. ഒരു ഘട്ടത്തിൽ സൈന്യം പ്രദേശത്തെ ഗോത്രവർഗക്കാരുടെ സഹായം തേടിയിരുന്നു. കുറച്ചു ദിവസം മുൻപ് കുട്ടികളെ കണ്ടെത്തിയതായി കൊളമ്പിയൻ പ്രസിഡന്റ് ട്വീറ്റ് ചെയ്തിരുന്നുവെങ്കിലും സ്ഥിരീകരിക്കാത്ത വാർത്തയായതിനാൽ അത് പിൻവലിക്കുകയായിരുന്നു.



വിമാനം തകർന്ന് വനത്തിൽ അകപ്പെട്ട കുട്ടികളെ കൊളംബിയൻ സൈന്യം കണ്ടെത്തിയപ്പോൾ

## തെളിവെടുപ്പിന് എത്തിച്ചപ്പോൾ

# ബ്രിജ് ഭൂഷണിനെ കണ്ട് ഭയന്നു, എന്നെ അസ്വസ്ഥമാക്കി: പരാതിക്കാരി

ന്യൂഡൽഹി: തെളിവെടുപ്പിനായി എത്തിയപ്പോൾ താൻ ബ്രിജ് ഭൂഷണിനെ കണ്ട് ഭയന്നെന്ന് പരാതിക്കാരി. തെളിവെടുപ്പിന് ഗുസ്തി ഫെഡറേഷൻ ഓഫീസിൽ എത്തിച്ചപ്പോഴാണ് താൻ ബ്രിജ് ഭൂഷണിനെ കണ്ടതെന്നും ഇത് തന്നെ ഭയപ്പെടുത്തിയെന്നും പരാതിക്കാരിയായ താരം മാധ്യമങ്ങളോട് വെളിപ്പെടുത്തി. തെളിവെടുപ്പിന് കൊണ്ടുപോകുമ്പോൾ പോലിസിനോട് ചോദിച്ചപ്പോൾ ആരുമില്ലെന്നാണ് പറഞ്ഞിരുന്നത്. എന്നാൽ ബ്രിജ് ഭൂഷൺ മാധ്യമങ്ങളോട് അടക്കം സംസാരിച്ചത് താൻ കണ്ടുവെന്നും പരാതിക്കാരി പറഞ്ഞു. ഗുസ്തി ഫെഡറേഷന്റെ ഓഫിസും ബ്രിജ് ഭൂഷണിന്റെ വസതിയും ഒരേ വളപ്പിലാണ്. കുറ്റാരോപിതൻ വീട്ടിലുള്ളപ്പോൾ തൊട്ടടുത്ത സ്ഥലത്ത് തെളിവെടുപ്പിന് എത്തുകയെന്നത് അസ്വസ്ഥാജനകമെന്നും അവർ കൂട്ടിച്ചേർത്തു.

അതേസമയം, വിഷയത്തിൽ പ്രതികരണവുമായി ഡൽഹി പോലിസ് രംഗത്തെത്തി. വീടും ഓഫിസും ഒരേ വളപ്പിലാണെങ്കിലും എതിർ ദിശയിലാണെന്നും പരാതിക്കാരിയും കുറ്റാരോപിതനും തമ്മിൽ കണ്ടിട്ടില്ലെന്നും ഡൽഹി പോലിസ് വൃത്തങ്ങൾ പറഞ്ഞു. അതേസമയം, ബ്രിജ് ഭൂഷണിന്റെ അറസ്റ്റിനുള്ള സാധ്യത മങ്ങി. നൽകിയ പരാതി വ്യാജമാണെന്നും പ്രായപൂർത്തിയാകാത്ത പെൺകുട്ടിയുടെ അച്ഛന്റെ വെളിപ്പെടുത്തലോടെ നേരത്തെയെടുത്ത പോക്സോ കേസ് ദുർബലമായി. നൽകിയത് വ്യാജ പരാതിയാണെന്നും മകൾക്ക് ചാംപ്യൻഷിപ്പിൽ സെലക്ഷൻ ലഭിക്കാത്തതിനെ തുടർന്നുണ്ടായ വിരോധമാണ് കാരണമെന്നും കഴിഞ്ഞ ദിവസമാണ് പ്രായപൂർത്തിയാകാത്ത പരാതിക്കാരിയുടെ അച്ഛൻ വെളിപ്പെടുത്തിയത്. കഴിഞ്ഞ ദിവസം പെൺകുട്ടിയുടെ മൊഴി വീണ്ടും പോലിസ് രേഖപ്പെടുത്തിയിരുന്നു. 15നകം കോടതിയിൽ സമർപ്പിക്കാനിരിക്കുന്ന കുറ്റപത്രത്തിൽ പോലിസ് ഇത് ഉൾപ്പെടുത്തും. അതേസമയം, പരാതി നൽകിയ മറ്റ് ആറ് ഗുസ്തി താരങ്ങളും പരാതിയിൽ ഉറച്ച് നിൽക്കുകയാണ്. അന്താരാഷ്ട്ര റഫറിയടക്കം എഫ്.ഐ.ആറിൽ ഉന്നയിച്ച ആരോപണങ്ങൾക്ക് താൻ സാക്ഷിയാണെന്ന് ഇന്ന് മാധ്യമങ്ങളോട് പറഞ്ഞു. അതേസമയം വെളിപ്പെടുത്തലിന് പിന്നാലെ ഡൽഹിയിലെത്തിയ ബ്രിജ് ഭൂഷൺ കോടതിയിൽനിന്നും അനുകൂല നടപടിയുണ്ടാകുമെന്ന ഉറച്ച പ്രതീക്ഷയിലാണ്.



## ഉന്നയിച്ച പ്രശ്നങ്ങൾ പരിഹരിച്ചില്ലെങ്കിൽ ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കില്ല: സാക്ഷി മാലിക്

ന്യൂഡൽഹി: ദേശീയ ഗുസ്തി ഫെഡറേഷൻ അധ്യക്ഷനായ ബ്രിജ് ഭൂഷൺ ശരൺ സിങ്ങിനെതിരായ പരാതികളിൽ നടപടി ഉണ്ടായില്ലെങ്കിൽ ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കില്ലെന്ന് ഗുസ്തി താരം സാക്ഷി മാലിക്. സോനിപത്തിൽ നടത്തുന്ന ഖാപ്പ് പഞ്ചായത്തിനോട് അനുബന്ധിച്ചാണ് സാക്ഷി മാലിക് നിലപാട് അറിയിച്ചത്. "ഞങ്ങളുന്നയിക്കുന്ന പ്രശ്നങ്ങളെല്ലാം പരിഹരിച്ചാലേ ഏഷ്യൻ ഗെയിംസിൽ പങ്കെടുക്കൂ. നിങ്ങൾക്ക് മനസിലാക്കാൻ കഴിയാത്ത നിലയിലുള്ള മാനസിക സംഘർഷങ്ങളിലൂടെയാണ് ഓരോ ദിവസവും ഞങ്ങൾ കടന്നുപോകുന്നത്" സാക്ഷി മാലിക് പറഞ്ഞു. ഖാപ പഞ്ചായത്തിൽ സാക്ഷിക്ക് പുറമെ ബജ്റംഗ് പുനിയ, സത്യവ്രത് കഡിയൻ, ഭർത്താവ് സോംവീർ രതി എന്നിവരും പങ്കെടുക്കുന്നുണ്ട്. കേന്ദ്ര കായിക മന്ത്രിയുടെ വാഗ്ദാന പ്രകാരം 15നകം ബ്രിജ് ഭൂഷനെ അറസ്റ്റ് ചെയ്തില്ലെങ്കിൽ തൊട്ടടുത്ത ദിവസം മുതൽ വീണ്ടും പ്രക്ഷോഭം ആരംഭിക്കുമെന്ന് ബജ്റംഗ് പുനിയ വ്യക്തമാക്കി.



## 27 വർഷങ്ങൾക്ക് ശേഷം ലോകസുന്ദരി മത്സരത്തിന് ആതിഥേയത്വം വഹിക്കാൻ ഇന്ത്യ

മുംബൈ: ഈ വർഷത്തെ ലോകസുന്ദരി മത്സരത്തിന് ആതിഥേയത്വം വഹിക്കാൻ ഇന്ത്യ. 27 വർഷങ്ങൾക്ക് ശേഷമാണ് ലോകസുന്ദരി മത്സരത്തിന് ഇന്ത്യ ആതിഥേയത്വം വഹിക്കുന്നത്. നവംബറിലാണ് 71ാമത് ലോകസുന്ദരി മത്സരം, എന്നാൽ തീയതികൾ പ്രഖ്യാപിച്ചിട്ടില്ല. 1996 ലാണ് ഇന്ത്യയിൽ അവസാനമായി ലോകസുന്ദരി മത്സരത്തിന് ആതിഥേയത്വം വഹിച്ചത്. അന്ന് ലോകസുന്ദരി കിരീടം റീത്ത ഫറിയയിലൂടെ ഇന്ത്യ കരസ്ഥമാക്കുകയും ചെയ്തു. ഒരു മാസം നീണ്ടുനിൽക്കുന്ന മത്സരത്തിൽ 130 രാജ്യങ്ങളിൽ നിന്നുള്ള മത്സരാർഥികൾ പങ്കെടുക്കും. നിരവധി മത്സരങ്ങളാണു മത്സരാർഥികൾക്കായി കാത്തിരിക്കുന്നത്. മിസ് വേൾഡ് ഓർഗനൈസേഷന്റേതിന് സമാനമായ മൂല്യങ്ങളുള്ള ഈ മനോഹര രാജ്യത്തുവച്ച് ലോകസുന്ദരി കിരീടം കൈമാറുന്നതിൽ വളരെ ആവേശത്തിലാണെന്നു നിലവിലെ ലോകസുന്ദരി കരലീന ബിയെലവ്സ്ക പറഞ്ഞു. റീത്ത ഫറിയ (1966), ഐശ്വര്യ റായ് (1994), ഡയാന ഹെയ്ഡൻ (1997), യുക്ത മൂഖി (1999), പ്രിയങ്ക ചോപ്ര (2000), മാനുഷി ചില്ലർ (2017) എന്നിവരാണു ഇന്ത്യയിലേക്കു ലോകകസുന്ദരി കിരീടം എത്തിച്ചത്.



സാഗർ പരിക്രമ യാത്രയുടെ ഭാഗമായി ബേപ്പൂർ ഫിഷിംഗ് ഹാർബറിൽ എത്തിയ കേന്ദ്ര ഫിഷറീസ് മൃഗ സംരക്ഷണ ക്ഷീര വികസന വകുപ്പ് മന്ത്രി പർഷോത്തം രൂപാലയെ ടൂറിസം പൊതുമരാമത്ത് വകുപ്പ് മന്ത്രി പി. എ.മുഹമ്മദ് റിയാസ് സ്വീകരിക്കുന്നു. ഫിഷറീസ് വകുപ്പ് മന്ത്രി സജി ചെറിയാൻ, ജില്ലാകലക്ടർ എ.ഗീത എന്നിവർ സമീപം

## അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പിൽ വീണ്ടും മത്സരിക്കാൻ തയ്യാറെന്ന് കെ. മുരളീധരൻ

കോഴിക്കോട്: വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ വടകരയിൽ നിന്നും വീണ്ടും മത്സരിക്കാൻ തയ്യാറെന്ന് കെ.മുരളീധരൻ. എന്നാൽ പുതുമുഖങ്ങൾ വന്നാൽ മാറി നിൽക്കാൻ തയ്യാറാണെന്നും എന്ത് വേണമെന്ന് പാർട്ടി തീരുമാനിക്കട്ടെയെന്നും മുരളീധരൻ വ്യക്തമാക്കി. സിറ്റിംഗ് എം.പിമാർ മാറി നിന്നാൽ കോൺഗ്രസിന് പരാജയഭീതിയെന്ന പ്രതീതി സൃഷ്ടിക്കും. അതുണ്ടാക്കാൻ താൽപര്യപ്പെടുന്നില്ലെന്നും മുരളീധരൻ കൂട്ടിച്ചേർത്തു. കേരളത്തിൽ പ്രവർത്തിക്കാൻ ഒരുപാട് നേതാക്കളുണ്ട്, ഡൽഹിയിൽ പ്രവർത്തിക്കാൻ താൽപര്യമുള്ള നേതാക്കൾ അവിടെ പ്രവർത്തിക്കട്ടെ എന്നും അന്തിമ തീരുമാനമെടുക്കേണ്ടത് പാർട്ടിയാണെന്നും അദ്ദേഹം പറഞ്ഞു.

## അരിക്കൊമ്പൻ കന്യാകുമാരി വന്യജീവി സങ്കേതത്തിലേക്ക് കടന്നതായി റേഡിയോ കോളർ സന്ദേശം

തിരുവനന്തപുരം: അരിക്കൊമ്പൻ കന്യാകുമാരി വന്യജീവി സങ്കേതത്തിലേക്ക് കടന്നതായി റേഡിയോ കോളർ സന്ദേശം. ഇന്നലെ രാത്രിയാണ് കന്യാകുമാരി വന്യജീവി സങ്കേതത്തിലേക്ക് അരിക്കൊമ്പൻ കടന്നത്. റേഡിയോ കോളർ സിഗ്നലുകൾ ലഭിക്കുന്നുണ്ടെന്നും ഇന്നലെ രാത്രി ആന കിലോമീറ്ററുകളോളം സഞ്ചരിച്ചെന്നുമാണ് സിഗ്നൽ പരിശോധിച്ചതിൽ നിന്ന് വ്യക്തമാകുന്നത്. കഴിഞ്ഞ ദിവസം അരിക്കൊമ്പന്റെ റേഡിയോ സിഗ്നലുകൾ ലഭിച്ചിരുന്നില്ല. പിന്നീട് അപ്പർ കോതയാർ ഡാം സൈറ്റിൽ നിന്നും ആറ് കിലോമീറ്റർ മാറി ആനയുണ്ടെന്ന സിഗ്നൽ ലഭിച്ചു. നേരത്തെ മണിമുത്താർ ഡാം സൈറ്റിനോട് ചേർന്നുള്ള പ്രദേശത്ത് പുല്ല് പറിച്ച് കഴുകി വൃത്തിയാക്കി കഴിക്കുന്ന അരിക്കൊമ്പന്റെ ദൃശ്യങ്ങൾ തമിഴ്നാട് വനംവകുപ്പ് പുറത്തുവിട്ടിരുന്നു.



സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW

## അഴിമതിക്കാരായ സർക്കാർ ഉദ്യോഗസ്ഥരെ കർശനമായി ശിക്ഷിക്കണം

സംസ്ഥാനത്ത് സർക്കാർ ജീവനക്കാർക്കിടയിൽ നടക്കുന്ന അഴിമതികൾ നിത്യവാർത്തകളായി മാറുകയാണ്. ഏതാനും ദിവസങ്ങൾക്ക് മുമ്പാണ് വില്ലേജ് അസിസ്റ്റന്റായ ഒരുദ്യോഗസ്ഥൻ പിടിക്കപ്പെട്ടതും അയാളുടെ സമ്പാദ്യത്തെക്കുറിച്ച് വലിയ വാർത്തകൾ പുറത്തുവന്നതും. പ്യൂൺ തൊട്ട് ഉന്നതങ്ങളിലിരിക്കുന്ന ഉദ്യോഗസ്ഥർ വരെ അഴിമതിയിൽ പങ്കാളികളാവുകയാണ്. സർക്കാർ നല്ല ശമ്പളമാണ് ജീവനക്കാർക്ക് നൽകികൊണ്ടിരിക്കുന്നത്. ഇന്നത്തെ അവസ്ഥയിൽ ഓരോ മാസവും കടമെടുത്താണ് ശമ്പളം കൊടുത്തുകൊണ്ടിരിക്കുന്നത്. നമ്മുടെ നാട്ടിലെ വിലസൂചികയനുസരിച്ചാണെങ്കിൽ പോലും വളരെ നല്ലനിലയിൽ ജീവിക്കാനുള്ള ശമ്പളമാണ് ജീവനക്കാർക്ക് ലഭിച്ചുക്കൊണ്ടിരിക്കുന്നത്. അതുംപോരാഞ്ഞ് ആർത്തി മൂത്താണ് കൈക്കൂലിമേടിക്കുന്നത്. ആവശ്യങ്ങൾക്കായി എത്തുന്നവരിൽ നിന്നാണ് ഇക്കൂട്ടർ കൈക്കൂലി വാങ്ങുന്നത്. നിയമപരമല്ലാതെ കാര്യങ്ങൾക്ക് കൂട്ടുനിന്നും കൈക്കൂലി വാങ്ങുന്നവരുണ്ട്. ഫയലുകൾവച്ച് താമസിപ്പിക്കുന്നത് കൈക്കൂലി വാങ്ങുന്നതിനുള്ള ഉപാധിയായും ചിലർ മാറ്റുന്നുണ്ട്.

സ്വകാര്യ സ്വത്ത് സമ്പാദിക്കാൻ യാതൊരു നിയന്ത്രണവുമില്ലാത്ത ഒരു രാജ്യത്ത് അഴിമതയുണ്ടാവുക സ്വാഭാവികമാണ്. സർക്കാർ ഉദ്യോഗസ്ഥർക്ക് കൃത്യമായി ശവമ്പളം ലഭിക്കുമ്പോൾ, നിശ്ചിത വരുമാനമില്ലാത്ത ദശലക്ഷങ്ങൾ സംസ്ഥാനത്തുണ്ട്. അത്തരം ആളുകളടക്കം നൽകുന്ന നികുതി പണംകൊണ്ടാണ് സർക്കാർ ശമ്പളം നൽകുന്നതെന്ന കാര്യം മറന്നുകൊണ്ടാണ് ഉദ്യോഗസ്ഥരിൽ ചിലരിൽ ചിലർ അഴിമതി നടത്തുന്നത്. ഭൂരിപക്ഷം ഉദ്യോഗസ്ഥരും അഴിമതിക്കാരല്ലെന്നതും ഫയലുകൾവച്ച് താമസിപ്പിക്കാത്തവരാണെന്നതും ശുഭോദർക്കമാണ്. അഴിമതിക്കാരല്ലാത്ത ഉദ്യോഗസ്ഥൻമാർക്ക് ഓഫിസുകളിൽ പ്രയാസം നേരിടാറുണ്ട്. സഹപ്രവർത്തകരിൽ ഭൂരിപക്ഷം കൈക്കൂലി വാങ്ങുമ്പോൾ ഇത്തരക്കാർക്ക് പ്രയാസമുണ്ടാകാറുണ്ട്. ചില ഓഫിസുകളിൽ ലഭിക്കുന്ന പണം ഓഹരിയായി വീതംവയ്ക്കുന്ന രീതിയുമുണ്ട്. ഉദ്യോഗസ്ഥരെ അഴിമതിയിലേക്ക് തള്ളിവിടുന്നതിൽ ചില ഘടകങ്ങളുണ്ട്. അതിലൊന്ന് നിയമാനുസൃതം ലഭിക്കാത്ത രേഖകൾ ചുളുവിൽ നേടാനുള്ള ഇടപെടലുകളാണ്.

സംസ്ഥാനത്ത് റവന്യൂ വകുപ്പിലാണ് ഏറ്റവും കൂടുതൽ അഴിമതി നടക്കുന്നത്. ഇതിനെതിരേ ഈ രംഗത്തുള്ള സംഘടനകൾ ശക്തമായി ഇടപെടേണ്ടതുണ്ട്. അഴിമതി സമൂഹത്തെ ബാധിക്കുന്നത് ദുരന്തമാണ്. ഉന്നത രാഷ്ട്രീയ നേതൃത്വവും അഴിമതിയെ ചെറുക്കാൻ തയ്യാറാകണം. എന്ത്കാര്യം ചെയ്യണമെങ്കിലും കൈക്കൂലി കിട്ടണം, കമ്മീഷൻ കിട്ടണം എന്നുവന്നാൽ എങ്ങനെയാണ് പ്രവർത്തിയിൽ മൂല്യം ഉയർത്തിപിടിക്കാനാവുക. സർക്കാർ ജീവനക്കാർ ഇക്കാര്യം ഗൗരവത്തിലെടുക്കുകയും അഴിമതിക്കാരായ സഹപ്രവർത്തകരെ തെറ്റായ വഴിയിൽനിന്ന് പിന്തിരിപ്പിക്കാനും ശ്രമിക്കണം. സർക്കാരിന്റെ അഴിമതിവിരുദ്ധ വിഭാഗം കാര്യക്ഷമമായി ഇടപെടണം. അഴിമതിക്കാരുടെ സ്വത്ത് കണ്ടുകെട്ടുകയും അഴിമതിയിൽ പിടിച്ചാൽ സർവീസിൽ നിന്ന് ഉടൻ നീക്കുകയും തുറങ്കലിലടക്കുകയും വേണം. നിയമത്തിന്റെ പഴുതിലൂടെ രക്ഷപ്പെടാൻ അനുവദിക്കരുത്. നിയമം കർശനമാക്കുകയും സാമൂഹിക ഇടപെടലുകൾ ഉണ്ടാവുകയും ചെയ്താൽ അഴിമതിയെ പിടിച്ചുകെട്ടാനാകും.

# ആത്മഹത്യ രാജ്യദ്രോഹക്കുറ്റം; വിലക്കുമായി ഉത്തരകൊറിയ

സിയോൾ: ആത്മഹത്യ ചെയ്യുന്നത് നിരോധിച്ച് ഉത്തരകൊറിയ. ആത്മഹത്യ ചെയ്താൽ അത് രാജ്യദ്രോഹക്കുറ്റമായി കണക്കാക്കുമെന്ന് ഉത്തരവിറക്കിയിരിക്കുകയാണ് ഉത്തര കൊറിയൻ ഭരണാധികാരി കിം ജോങ് ഉൻ. രാജ്യം കടുത്ത സാമ്പത്തിക വെല്ലുവിളികളിലൂടെ കടന്നുപോകുന്ന സമയത്ത് സാമ്പത്തിക പ്രാരാബ്ധം മൂലം ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണം കുത്തനെ കൂടിയതിന് പിന്നാലെയാണ് ആത്മഹത്യ വിലക്കിയിരിക്കുന്നത്. തങ്ങളുടെ അധികാര പരിധിയിൽ ആത്മഹത്യകൾ ഉണ്ടാവുന്നത് തടയണമെന്നും പ്രതിരോധിക്കണമെന്നുമാണ് കിം സർക്കാർ ഉദ്യോഗസ്ഥരോട് ഉത്തരവിട്ടിരിക്കുന്നത്. മുൻ വർഷത്തെ അപേക്ഷിച്ച്



സാമ്പത്തിക പ്രതിസന്ധി രൂക്ഷമായതിന് പിന്നാലെ ഉത്തരകൊറിയയിൽ ആത്മഹത്യ ചെയ്യുന്നവരുടെ എണ്ണത്തിൽ 40 ശതമാനം വർധനവുണ്ടായതായാണ് ദക്ഷിണ കൊറിയൻ രഹസ്യ ഏജൻസികൾ വ്യക്തമാക്കുന്നത്. ആളുകളുടെ ബുദ്ധിമുട്ടുകളും ക്ലേശവും പരിഹരിക്കാൻ സാധിക്കാത്തതിൽ രാജ്യത്ത് ആഭ്യന്തര തലത്തിൽ നിരവധി പ്രശ്നങ്ങളുണ്ടെന്നാണ് ദക്ഷിണ കൊറിയൻ ദേശീയ ഇന്റലിജൻസ് സർവീസ് വക്താവ് വിശദമാക്കുന്നത്. ഇതോടെയാണ് ആത്മഹത്യ വിലക്കിക്കൊണ്ടുള്ള രഹസ്യ ഉത്തരവ് പുറത്തിറങ്ങിയത്. ഉന്നത അധികാരികളുടെ അടിയന്തര യോഗത്തിലാണ് തീരുമാനമെന്നുമാണ് റേഡിയോ ഫ്രീ ഏഷ്യയെ ഉദ്ധരിച്ച് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. പട്ടിണി മൂലമുള്ള മരണം മുൻ വർഷത്തെ അപേക്ഷിച്ച് മൂന്ന് മടങ്ങായെന്നാണ് റിപ്പോർട്ട് വിശദമാക്കുന്നത്. ചോംഗ്ജിൻ സിറ്റിയിലും ക്യോംഗ്സോംഗ് കൗണ്ടിയിലും മാത്രം ഈ വർഷം 35 ആത്മഹത്യകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. പട്ടിണി മരണത്തേക്കാളും സാമൂഹ്യാഘാതം സൃഷ്ടിക്കുന്നതാണ് ആത്മഹത്യയെന്നാണ് പൊതുവിലുള്ള വിലയിരുത്തൽ. ആത്മഹത്യാ തടയൽ മാനദണ്ഡങ്ങൾ ജനറൽ സെക്രട്ടറി രൂപീകരിച്ചതായാണ് ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് മാധ്യമ റിപ്പോർട്ട്. മിക്ക ആത്മഹത്യകളും പട്ടിണിയും ദാരിദ്ര്യവും മൂലമായതിനാൽ പെട്ടന്ന് പരിഹാരം കാണുക അസാധ്യമെന്നാണ് ഉദ്യോഗസ്ഥർ നിരീക്ഷിക്കുന്നത്. അടുത്തിടെ പട്ടിണി സഹിക്കാനാവാതെ 10 വയസുകാരൻ ആത്മഹത്യ ചെയ്തത് കിമ്മിന്റെ ശ്രദ്ധയിൽ വന്നതോടെയാണ് പുതിയ തീരുമാനം. എന്നാൽ രാജ്യദ്രോഹക്കുറ്റത്തിന് വധശിക്ഷ നൽകുന്ന രാജ്യത്ത് ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നവരെ എങ്ങനെ ശിക്ഷിക്കുമെന്നാണ് കിമ്മിന്റെ വിമർശകരുടെ പരിഹാസം. അമിത മദ്യപാനവും പുകവലിയും നിമിത്തം ഉത്തര കൊറിയയുടെ ഭരണാധികാരി കിം ജോങ് ഉൻ കടന്നുപോവുന്നത് വല്ലാത്ത വിഷമ ഘട്ടത്തിലൂടെയെന്ന് അടുത്തിടെയാണ് റിപ്പോർട്ടുകൾ പുറത്ത് വന്നത്. രാജ്യത്തെ അസ്ഥിരാവസ്ഥ കിമ്മിനെ സമ്മർദ്ദത്തിലാക്കിയിട്ടുണ്ടെന്നാണ് പുറത്ത് വരുന്ന സൂചനകൾ. അമിത മദ്യപാനവും ചിട്ടയില്ലാത്ത ജീവിതവും കിമ്മിന്റെ ശരീരഭാരം 140 നോട് അടുത്ത് എത്തിച്ചുവെന്നാണ് അടുത്തിടെ പുറത്ത് വന്ന റിപ്പോർട്ട്. മെയ് 16ന് ഒരു പരിപാടിയിൽ സംബന്ധിക്കുന്ന ചിത്രങ്ങൾ പുറത്തു വന്നിരുന്നു. ക്ഷീണിതനായ കിമ്മിനേയാണ് ഈ ചിത്രങ്ങളിൽ കാണാൻ സാധിച്ചത്. ആരോഗ്യം മോശമാണെന്ന പ്രചാരണങ്ങൾ വ്യാപകമായതിന് പിന്നാലെ ഫെബ്രുവരി മാസം മുതൽ ഒരു മാസം പൊതുപരിപാടികളിൽ നിന്ന് കിം ഒഴിഞ്ഞ് നിന്നിരുന്നു.

## രാജ്യത്തിന്റെ രഹസ്യരേഖകൾ അനധികൃതമായി സൂക്ഷിച്ചു; ഡൊണാൾഡ് ട്രംപിനെതിരേ കുറ്റപത്രം

ന്യൂയോർക്ക്: രാജ്യത്തിന്റെ അതീവ രഹസ്യരേഖകൾ അനധികൃതമായി സൂക്ഷിച്ച അമേരിക്കൻ മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരേ കുറ്റപത്രം. ട്രംപിന്റെ ഫ്ളോറിഡയിലെ വസതിയിൽ നിന്നാണ് രേഖകൾ കണ്ടെടുത്തത്. സംഭവത്തിൽ 37 വകുപ്പുകളാണ് ചുമത്തിയിരിക്കുന്നത്. ഫെഡറൽ ചാർജുകൾ ചുമത്തപ്പെടുന്ന അമേരിക്കയുടെ ചരിത്രത്തിലെ ആദ്യ പ്രസിഡന്റാണ് ട്രംപ്. പ്രസിഡന്റ് സ്ഥാനമൊഴിഞ്ഞ ട്രംപ്, വൈറ്റ് ഹൗസിൽ സൂക്ഷിച്ചിരുന്ന രഹസ്യരേഖകൾ സ്വന്തം വസതിയിലേക്ക് നിയമവിരുദ്ധമായി എടുത്തുകൊണ്ട് വരികയും സൂക്ഷിക്കുകയും ചെയ്തിരുന്നു. ഇത് പിന്നീട് എഫ്.ബി.ഐ നടത്തിയ പരിശോധനയിൽ നൂറുകണക്കിന് രേഖകൾ കണ്ടെടുക്കുകയും ചെയ്തിരുന്നു.



വെള്ളിയാഴ്ചയാണ് കുറ്റപത്രത്തിലെ വിവരങ്ങൾ പുറത്തുവന്നത്.

അതിന് മുൻപ് തന്നെ തനിക്കെതിരേ കുറ്റം ചുമത്തിയതായി സാമൂഹ്യ മാധ്യമത്തിലൂടെ ട്രംപ് അറിയിച്ചിരുന്നു.സൈനിക നടപടിയുമായി ബന്ധപ്പെട്ട അതീവരഹസ്യ രേഖകൾ പങ്കിടുകയും പെന്റഗൺ 'ആക്രമണ പദ്ധതി' ട്രംപ് വിവരിക്കുകയും ചെയ്തതായി കുറ്റപത്രത്തിൽ ആരോപിക്കുന്നു. വിദേശ രാജ്യങ്ങളുടെ ആണവ ശക്തിയെ കുറിച്ച് പ്രതിപാദിക്കുന്ന രേഖകൾ ഉൾപ്പെടെ വസതിയായ മാർ എ ലാ ഗോയിൽ നിന്ന് കണ്ടെടുത്തതായി കുറ്റപത്രത്തിലുണ്ട്. കുറ്റക്കാരനാണെന്ന് തെളിഞ്ഞാൽ ജയിൽ ശിക്ഷവരെ ലഭിക്കാൻ സാധ്യതയുള്ള കുറ്റങ്ങളാണ് ട്രംപിന് മേലുള്ളത്. ഒരിക്കൽ ദേശസുരക്ഷയുടെ കാവൽക്കാരനായിരുന്നയാൾ തന്നെ അതിന് ശേഷം, രാജ്യത്തിന്റെ നിർണായക രേഖകൾ അനധികൃതമായി കൈവശം വച്ചുവെന്ന പേരിലാകും ട്രംപിനെ വിലയിരുത്തപ്പെടുക എന്നതും ശ്രദ്ധേയമാണ്. 2024ൽ നടക്കാനിരിക്കുന്ന അമേരിക്കൻ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ റിപ്പബ്ലിക്കൻ പാർട്ടിയുടെ പ്രധാന സ്ഥാനാർഥിയായ ട്രംപിനെ സംബന്ധിച്ചിടത്തോളം ഈ കേസിലെ കുറ്റപത്രം രാഷ്ട്രീയ വെല്ലുവിളിയാണ്. രണ്ടാം തവണയാണ് ട്രംപിന് മേൽ കുറ്റങ്ങൾ ചുമത്തപ്പെടുന്നത്.

അടുത്തിടെ പോൺസ്റ്റാറുമായി ബന്ധപ്പെട്ട കേസിൽ ക്രിമിനൽ കുറ്റങ്ങൾ അദ്ദേഹത്തിന് മേൽ ചുമത്തപ്പെട്ടിരുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ റിപ്പബ്ലിക്കൻ നേതാക്കൾ എത്രത്തോളം ട്രംപിനെ പിന്തുണയ്ക്കുമെന്നത് ചോദ്യചിഹ്നമാണ്. 2024 ലെ തിരഞ്ഞെടുപ്പിൽ തന്റെ റിപ്പബ്ലിക്കൻ പ്രസിഡന്റ് സ്ഥാനാർത്ഥിത്വം അട്ടിമറിക്കാനുള്ള നീക്കമാണ് കുറ്റപത്രമെന്നതാണ് ട്രംപിന്റെ വാദം. 2022 ആഗസ്റ്റിൽ മാർ-എ-ലാഗോയിൽ നടത്തിയ തിരച്ചിലിൽ 13,000-ലധികം രേഖകൾ വീണ്ടെടുക്കുകയും ഇവയിൽ ചിലതിൽ തന്ത്രപ്രധാനമായ സർക്കാർ രഹസ്യങ്ങൾ അടങ്ങിയിട്ടുണ്ടെന്ന് കോടതി കണ്ടെത്തുകയും ചെയ്തിരുന്നു.

## ബോറിസ് ജോൺസൺ എം.പി സ്ഥാനം രാജിവച്ചു

ലണ്ടൻ: പാർട്ടിഗേറ്റ് വിവാദവുമായി ബന്ധപ്പെട്ട് ബ്രിട്ടീഷ് അധോസഭയെ തെറ്റിദ്ധരിപ്പിച്ചുവെന്ന ആരോപണത്തിൽ അന്വേഷണം നേരിടുന്ന ബ്രിട്ടീഷ് മുൻ പ്രധാനമന്ത്രി ബോറിസ് ജോൺസൺ എം.പി സ്ഥാനം രാജിവച്ചു. അന്വേഷണം നടത്തുന്ന എം.പിമാരുടെ സമിതി, തന്റെ രാഷ്ട്രീയ ജീവിതം അവസാനിപ്പിക്കണമെന്ന ഉദ്ദേശത്തിലാണ് പ്രവർത്തിക്കുന്നതെന്ന് ആരോപിച്ചാണ് അദ്ദേഹം രാജിവച്ചത്.കൊവിഡ് വ്യാപനത്തെ തുടർന്ന് ബ്രിട്ടനിലാകെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചിരുന്ന സമയത്ത്, അന്നത്തെ പ്രധാനമന്ത്രി ആയിരുന്ന ബോറിസ് തന്റെ ഔദ്യോഗിക വസതിയിൽ പാർട്ടി നടത്തിയതായിരുന്നു പാർട്ടി ഗേറ്റ് വിവാദം. ഇതിനെപ്പറ്റിയുള്ള ചോദ്യങ്ങൾ അധോസഭയിൽ ഉയർന്നപ്പോൾ തെറ്റിദ്ധരിപ്പിക്കുന്ന മറുപടിയാണ് ബോറിസ് നൽകിയതെന്ന പേരിലാണ് അദ്ദേഹമിപ്പോൾ പാർലമെന്ററി പ്രിവിലേജസ് സമിതിയുടെ അന്വേഷണം നേരിടുന്നത്. നിയമനിർമാതാക്കളുടെ പ്രധാന അച്ചടക്ക സമിതിയാണ് പാർലമെന്ററി പ്രിവിലേജസ് കമ്മിറ്റി.



അടുത്ത വർഷം പൊതുതെരഞ്ഞെടുപ്പ് നടക്കാനിരിക്കെയുള്ള ബോറിസിന്റെ രാജി കൺസർവേറ്റീവ് പാർട്ടിയിലെ ഭിന്നത കൂടിയാണ് വെളിപ്പെടുത്തുന്നത്. അന്വേഷണ സമിതിയിൽ നിന്ന് രഹസ്യ സ്വഭാവമുള്ള കത്ത് ലഭിച്ച ശേഷമായിരുന്നു ബോറിസിന്റെ രാജി. കത്ത് കൈപ്പറ്റിയതിന് പിന്നാലെ 'കംഗാരു കോടതി'കളായാണ് സമിതി പ്രവർത്തിക്കുന്നതെന്ന് ബോറിസ് ക്ഷുഭിതനായി പ്രതികരിച്ചു. രാഷ്ട്രീയ ഉന്നംവച്ചാണ് സമിതിയുടെ പ്രവർത്തനങ്ങൾ. 'അവരുടെ വാദങ്ങൾക്ക് ഒരടിസ്ഥാനവുമില്ലെങ്കിലും ഒരു ചെറിയ കൂട്ടം ആളുകൾ എന്നെ പുറത്താക്കുകയാണ്' ബോറിസ് സമിതിക്കെതിരേ തുറന്നടിച്ചു. പ്രധാനമന്ത്രി ഋഷി സുനകിനെയും ബോറിസ് പരോക്ഷമായി വിമർശിച്ചു. താൻ നടപ്പിലാക്കിയ ബ്രെക്സിറ്റിൽ നിന്ന് ഒരു മടക്കയാത്രയ്ക്കാണ് ചിലർ ശ്രമിക്കുന്നതെന്നും പഴയ നിലയിലേക്ക് കാര്യങ്ങൾ കൊണ്ടുപോയേക്കുമെന്നും ബോറിസ് പറഞ്ഞു.

## എൻ.സി.പി വർക്കിങ് പ്രസിഡന്റുമാരായി സുപ്രിയ സുലെയെയും പ്രഫുൽ പട്ടേലിനെയും പ്രഖ്യാപിച്ച് ശരദ് പവാർ

ന്യൂഡൽഹി: പുതിയ വർക്കിങ് പ്രസിഡന്റുമാരെ നിയമിച്ച് എൻ.സി.പി. സുപ്രിയ സുലെയെയും പ്രഫുൽ പട്ടേലിനെയുമാണ് പുതിയ വർക്കിങ് പ്രസിഡന്റുമാരായി നിയമിച്ചിരിക്കുന്നത്. നിലവിൽ എൻ.സി.പിയുടെ വൈസ് പ്രസിഡന്റാണ് പ്രഫുൽ പട്ടേൽ. അജിത് പവാറിന്റെ സാന്നിധ്യത്തിലായിരുന്നു പ്രഖ്യാപനം. പാർട്ടിയുടെ 25ാം വാർഷികത്തിലാണ് ശരദ് പവാറിന്റെ പ്രഖ്യാപനം. ബാരാമതിയിൽ



നിന്നുള്ള എം.പിയാണ് സുപ്രിയ. മഹാരാഷ്ട്ര, ഹരിയാന, പഞ്ചാബ് സംസ്ഥാനങ്ങളുടെ ചുമതലയാണ് സുപ്രിയ സുലെക്ക് നൽകിയത്. കൂടാതെ സ്ത്രീകൾ, യുവാക്കൾ, വിദ്യാർഥികൾ, ലോക്സഭ എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളും സുപ്രിയ കൈകാര്യം ചെയ്യും. മധ്യപ്രദേശ്, രാജസ്ഥാൻ, ഗോവ സംസ്ഥാനങ്ങളുടെ ചുമതല പ്രഫുൽ പട്ടേലിനും നൽകി. ഒഡിഷ, പശ്ചിമ ബംഗാൾ, കർഷകർ, ന്യൂനപക്ഷ വകുപ്പ് എന്നീ വിഷയങ്ങളുടെ ചുമതലയും കർഷക ന്യൂനപക്ഷ വകുപ്പിന്റെ ചുമതലയും എൻ.സി.പി ദേശീയ ജനറൽ സെക്രട്ടറി സുനിൽ തത്കറെയ്ക്ക് നൽകി. പാർട്ടി ഡൽഹി അധ്യക്ഷനായി നന്ദ ശാസ്ത്രിയെയും പ്രഖ്യാപിച്ചു.

## സൗദി വിസാ പ്രശ്നം: ഡോ.ഹുസൈൻ മടവൂർ സൗദി അംബാസിഡറുമായി കൂടിക്കാഴ്ച നടത്തി

ന്യൂഡൽഹി: സൗദി അറേബ്യയിലേക്ക് തൊഴിൽ, സന്ദർശന ആവശ്യങ്ങൾക്ക് വിസ ലഭിക്കാൻ പുതിയ നിയമം മൂലമുണ്ടായ പ്രയാസങ്ങൾ പരിഹരിക്കണമെന്ന് ഡോ. ഹുസൈൻ മടവൂർ ഇന്ത്യയിലെ സൗദി അംബാസിഡർ ഡോ. സാലിഹ് അൽ ഹുസൈനിയുമായി അദ്ദേഹത്തിന്റെ ഓഫീസിൽ വെച്ച് നടത്തിയ കൂടിക്കാഴ്ചയിൽ ആവശ്യപ്പെട്ടു. അപേക്ഷകർ വി.എസ്.എഫ് കേന്ദ്രങ്ങളിലെത്തി വിരലടയാളം രേഖപ്പെടുത്തണമെന്നാണ് പുതിയ നിയമം. കേരളത്തിൽ കൊച്ചിയിൽ മാത്രമാണ് ബി.എഫ്.എസ് കേന്ദ്രമുള്ളത്. അത് മൂലം ദൂരെ ജില്ലകളിലുള്ളവർക്ക് വളരെയേറെ പ്രയാസങ്ങളുണ്ട്. സൗദിയിലേക്ക് കൂടുതൽ പേർ പോവുന്നത് മലബാറിൽ നിന്നായതിനാൽ ഒരു സെന്റർ മലബാറിൽ അനുവദിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഈ ആവശ്യം അനുഭാവ പൂർവ്വം പരിഗണിക്കുമെന്നും തുടക്കത്തിലുണ്ടാവുന്ന പ്രയാസങ്ങൾ പരിഹരിക്കുമെന്നും അംബാസിഡർ പറഞ്ഞു.



ജി.വി.എച്ച്.എസ്.എസ് മീഞ്ചന്തയിൽ വർണക്കൂടാരം ഉദ്ഘാടനം മന്ത്രി അഹമ്മദ് ദേവർകോവിൽ നിർവഹിക്കുന്നു



# നാദാപുരത്ത് കനത്ത മഴ; ഡ്രൈനേജിലെ മലിന ജലം കവിഞ്ഞൊഴുകി വീടുകളിലേക്ക് കയറി

നാദാപുരം: ഗ്രാമപഞ്ചായത്തിലെ പത്താം വാർഡ് കല്ലാച്ചി ടൗണിനോട് ചേർന്ന് വാണിയൂർ തോടിന് അടുത്തുള്ള ഡ്രൈനേജ് കനത്ത മഴയെ തുടർന്ന് ഒഴുക്ക് തടസ്സപ്പെട്ടതോടെ മലിന ജലം തൊട്ടടുത്ത വീടുകളിലേക്ക് കയറി. ഡ്രൈനേജിൽ വലിയ രീതിയിൽ മാലിന്യങ്ങൾ കുമിഞ്ഞ് കൂടുകയും ഡ്രൈനേജിലെ വെള്ളത്തിന്റെ ഒഴുക്ക് നഷ്ടപ്പെടുകയും ചെയ്തതിനാലാണ് വെള്ളം കരകവിഞ്ഞ് വീടുകളിലും പറമ്പിലും റോഡിലും കയറിയത്. പഞ്ചായത്ത് പ്രസിഡന്റ് വി.വി മുഹമ്മദലി ,വാർഡ് മെമ്പർ നിഷ മനോജ് ,പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ് എന്നിവർ സ്ഥലത്തെത്തി. പി.ഡബ്ല്യു.ഡി അധികൃതരുമായി ബന്ധപെട്ട് അടിയന്തിര ഇടപെടൽ നടത്തിയതിനെ തുടർന്ന് ജെ.സി.ബി ഉപയോഗിച്ച് മാലിന്യം പുറത്തെടുക്കുകയും വെള്ളത്തിന്റെ ഒഴുക്ക് സുഖമാക്കുകയും ചെയ്തു. വ്യാപാരികൾ ഓടകളിൽ വലിയ രീതിയിൽ മാലിന്യങ്ങൾ നിക്ഷേപിച്ചതിന്റെ അവശിഷ്ടങ്ങൾ ഓടകളിൽ കാണാമായിരുന്നു. മാലിന്യം ഓടകളിൽ തള്ളുന്നത് നിയമവിരുദ്ധമാണ്, കർശന നടപടി ഇത്തരത്തിൽ മാലിന്യം അലക്ഷ്യമായി കൈ ഒഴിയുന്നവർക്ക് എതിരേ ഉണ്ടാകുമെന്ന് പഞ്ചായത്ത് സെക്രട്ടറി ടി. ഷാഹുൽ ഹമീദ് അറിയിച്ചു. സംഭവ സ്ഥലം പൊതുമരാമത്ത് വകുപ്പിലെ ഉയർന്ന ഉദ്യോഗസ്ഥരും സന്ദർശിച്ചു.



ജെ.സി.ബി ഉപയോഗിച്ച് ഡ്രൈനേജിലെ അടിഞ്ഞുകൂടിയ മാലിന്യം പുറത്തേക്കെടുക്കുന്നു



'ജീവദ്യുതി ' പദ്ധതിയുടെ സൗത്ത് ജില്ലാതല ഉദ്ഘാടനം കാലിക്കറ്റ് ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ കോർപറേഷൻ ആരോഗ്യ സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർപേഴ്സൻ ഡോ.എസ്.ജയശ്രീ ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്നു

# 'ജീവദ്യുതി' പദ്ധതിക്ക് ജില്ലയിൽ തുടക്കമായി

കോഴിക്കോട്: രക്തദാനത്തിന്റെ പ്രാധാന്യം മനസ്സിലാക്കാനും ബോധവൽക്കരണം നടത്താനും പ്രോത്സാഹിപ്പിക്കാനുമായി ഹയർ സെക്കൻഡറി നാഷണൽ സർവീസ് സ്കീം നടപ്പിലാക്കുന്ന ജീവദ്യുതി പദ്ധതിക്ക് കോഴിക്കോട് ജില്ലയിൽ തുടക്കമായി.

രക്തദാന ക്യാമ്പയിനായ 'ജീവദ്യുതി ' പദ്ധതിയുടെ സൗത്ത് ജില്ലാതല ഉദ്ഘാടനം കാലിക്കറ്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂളിൽ കോഴിക്കോട് കോർപറേഷൻ ആരോഗ്യ സ്റ്റാൻഡിംഗ്കമ്മിറ്റി ചെയർപേഴ്സൻ ഡോ.എസ്.ജയശ്രീ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ എം. അബ്ദു അധ്യക്ഷത വഹിച്ച ചടങ്ങിന് എൻ.എസ്.എസ് പ്രോഗ്രാം ഓഫീസർ ഷഹീന ഇ.കെ സ്വാഗതം പറഞ്ഞു. ജില്ലാകോ-ഓർഡിനേറ്റർ എം.കെ ഫൈസൽ പ്രൊജക്ട് വിശദീകരണം നടത്തി. പി.ടി.എ പ്രസിഡന്റ് എ.ടി നാസർ മുഖ്യപ്രഭാഷണം നടത്തി. സിറ്റി സൗത്ത് ക്ലസ്റ്റർ കൺവീനർ കെ.എൻ റഫീഖ് എൻ.എസ്.എസ് സന്ദേശം നൽകി. രക്തദാനം ചെയ്ത കാലിക്കറ്റ് ഗേൾസ് മുൻ എൻ.എസ്.എസ് വളണ്ടിയർമാരായ ഹഫീലാ, ഹന്ന ഫെമിൻ, ലാമിയ നസ്ഫ, ഫാത്തിമ ഷഹല എന്നിവരെ ചടങ്ങിൽ സ്നേഹാദരം നൽകി ആദരിച്ചു.

ബേപ്പൂർ ക്ലസ്റ്റർ കൺവീനർ സന്തോഷ് കുമാർ, സ്റ്റാഫ് സെക്രട്ടറി ശ്രീകല ഇ.എം, മുൻ പ്രോഗ്രാം ഓഫീസർ ഷൈജ പർവീൺ എന്നിവർ സംസാരിച്ചു. എം.വി.ആർ ക്യാൻസർ സെന്ററിലെ ഡോ.അരുൺ രക്തം ദാനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും രക്തദാനത്തിന്റെ പ്രാധാന്യത്തെകുറിച്ചും രക്തദാനം ചെയ്യുന്നവർക്ക് ലഭിക്കുന്ന ആരോഗ്യനേട്ടത്തെക്കുറിച്ചും കുട്ടികളെ ബോധവൽക്കരിച്ചു. വിവിധ ക്ലസ്റ്ററുകളിൽ നിന്നായി നാൽപ്പതോളം വളണ്ടിയറടക്കം 90 പേർ ക്യാമ്പയിനിൽ പങ്കെടുത്തു. പ്രോഗ്രാം ഓഫീസർമാരായ പ്രതീഷ് കുമാർ, നിഷ ടീച്ചർ, ശാന്തി ടീച്ചർ, ഉമ്മുകുൽസു ടീച്ചർ എന്നിവർ ആശംസകൾ നേർന്നു. എൻ.എസ്.എസ് വളണ്ടിയർ നൗബ നന്ദി പറഞ്ഞു.

# മർകസ് അക്കാദമി ഓഫ് ഖുർആൻ സ്റ്റഡീസ് ഫൈനൽ പരീക്ഷാ ഫലം പ്രഖ്യാപിച്ചു

കോഴിക്കോട്: മർകസ് ഖുർആൻ പഠനകേന്ദ്രമായ അക്കാദമി ഓഫ് ഖുർആൻ സ്റ്റഡീസ് ഫൈനൽ പരീക്ഷാ ഫലം പ്രഖ്യാപിച്ചു. ഖുർആൻ അക്കാദമിക്ക് കീഴിൽ നടന്ന കേന്ദ്രീകൃത പരീക്ഷയിൽ ഹാഫിള് ബിശ്ര് കൊട്ടപ്പുറം (ബുഖാരിയ്യ ഹിഫ്ള് അക്കാദമി മപ്രം), ഹാഫിള് അലി ഹിജാസി എടരിക്കോട് (മർകസ് ഹിഫ്ള് അക്കാദമി കാരന്തൂർ), ഹാഫിള് മുഹമ്മദ് ഹനാൻ വിളത്തൂർ (മമ്പഉൽ ഹുദാ കേച്ചേരി) ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടി.



ബിശ്ർ കൊട്ടപ്പുറം, അലി ഹിജാസി എടരിക്കോട്, മുഹമ്മദ് ഹനാൻ വിളത്തൂർ

വിശുദ്ധ ഖുർആൻ പഠന മേഖലയിൽ മർകസിന് കീഴിൽ നിലവിൽ 26 കേന്ദ്രങ്ങളുണ്ട്. 11 സംസ്ഥാനങ്ങളിൽ നിന്നും എഴുന്നൂറിലധികം വിദ്യാർത്ഥികളാണ് ഇവിടെ പഠിക്കുന്നത്. കേരള സിലബസ് സ്കൂൾ പഠനത്തോടൊപ്പവും സി.ബി.എസ്.ഇ പഠനത്തോടൊപ്പവും ഖുർആൻ മനഃപാഠമാക്കാനും പാരായണ മികവ് നേടാനും ഈ ക്യാമ്പസുകളിൽ സംവിധാനമുണ്ട്. അന്താരാഷ്ട്ര വേദികളിൽ ഇന്ത്യയുടെ യശസ്സ് ഉയർത്തുന്നതിനും ഖുർആൻ പഠനത്തിൽ മികവ് പുലർത്തുന്നതിനും ഇവിടെ വിവിധ പരിശീലനങ്ങൾ നൽകുന്നു. റാങ്ക് ജേതാക്കളെ ജാമിഅ മർകസ് ഫൗണ്ടർ ചാൻസിലർ കാന്തപുരം എ.പി അബൂബക്കർ മുസ്ലിയാർ, ഡയരക്ടർ ജനറൽ സി. മുഹമ്മദ് ഫൈസി, റെക്ടർ ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരി, ഖുർആൻ അക്കാദമി അധ്യാപകർ അഭിനന്ദിച്ചു.

# മാഹിയിൽ മത്സ്യതൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് നടപ്പിലാക്കും: കേന്ദ്രമന്ത്രി

മാഹി: മാഹിയിലെ മത്സ്യതൊഴിലാളികൾക്ക് കിസാൻ ക്രഡിറ്റ് കാർഡ് ഉൾപ്പടെയുള്ള കേന്ദ്ര സർക്കാരിന്റെ ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങളത്രയും കാലതാമസമില്ലാതെ ലഭ്യമാക്കുമെന്ന് കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല പറഞ്ഞു. മാഹി സിവിൽ സ്റ്റേഷൻ ഓഡിറ്റോറിയത്തിൽ സാഗർ പരിക്രമ പദ്ധതിയുടെ ഭാഗമായെത്തിയതായിരുന്നു മന്ത്രി. കേന്ദ്ര ഫിഷറീസ് സഹമന്ത്രി ഡോ.എൽ. മുരുകൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. മത്സ്യത്തൊഴിലാളികളുമായി മന്ത്രിമാർ കുടിക്കാഴ്ച നടത്തി. പാതിവഴിയിലായ മയ്യഴി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമാണം പൂർത്തിയാക്കണമെന്നും, പെട്രോൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചെറുകിട മത്സ്യബന്ധന ബോട്ടുകൾക്കും സബ്സിഡി അനുവദിക്കണമെന്നും, എം.ബി.സി പട്ടികയിൽ ഉൾപ്പെട്ടിട്ടും, മാഹിയിൽ മാത്രം മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് സംവരണാനുകൂല്യം വെട്ടിച്ചുരുക്കിയത് പുനഃപരിശോധിക്കണമെന്നും സമ്പർക്ക പരിപാടിയിൽ ചുവാർ കൃഷ്ണൻ , പി.പി. ആശാലത , ദിനേശൻ എന്നിവർ ആവശ്യപ്പെട്ടു. ചടങ്ങിൽവച്ച് 63 മത്സ്യതൊഴിലാളികൾക്ക് പുതുതായി വാർധക്യകാല പെൻഷൻ വിതരണം ചെയ്തു. സംസ്ഥാന ഫിഷറീസ് -പൊതുമരാമത്ത് മന്ത്രി കെ. ലക്ഷ്മി നാരായണൻ സ്വാഗതവും, റീജ്യണൽ അഡ്മിനിസ്ട്രേറ്റർ ശിവ്രാജ് മീണ നന്ദിയും പറഞ്ഞു.



സാഗർ പരിക്രമ യാത്രയുടെ ഭാഗമായി മത്സ്യതൊഴിലാളികളുമായുള്ള മുഖാമുഖം ഉദ്ഘാടനം ചെയ്യുന്ന കേന്ദ്രമന്ത്രി പർഷോത്തം രൂപാല



താമരശ്ശേരി ചെമ്പ്ര ഗവ.എൽ.പി സ്കൂളിൽ എസ്.എസ്.കെ സ്റ്റാർസ് പദ്ധതിയായ ഹൈടെക് പ്രീ പ്രൈമറി വർണക്കൂടാരം ഉദ്ഘാടനം വനം വന്യജീവി വകുപ്പ് മന്ത്രി എ.കെ ശശീന്ദ്രൻ നിർവഹിക്കുന്നു

# ശിഹാബ് തങ്ങൾ വനിത വിംഗ് സഹായ സംഘം അനുമോദന സദസ് സംഘടിപ്പിച്ചു

കോഴിക്കോട്: ശിഹാബ് തങ്ങൾ വനിത വിംഗ് സഹായ സംഘം സംഘടിപ്പിച്ച അനുമോദന സദസ് ഡോ.കെ.കുഞ്ഞാലി ഉദ്ഘാടനം ചെയ്തു. എരഞ്ഞിപ്പാലം മലബാർ ഹോസ്പിറ്റൽ ഓഡിറ്റോറിയത്തിൽ നടന്ന പരിപാടിയിൽ അക്ബർ അലിഖാൻ അധ്യക്ഷത വഹിച്ചു. എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷയിൽ ഉന്നത വിജയം നേടിയവരെ അനുമോദിച്ചു. ചടങ്ങിൽ ജീവകാരുണ്യ പ്രവർത്തകരായ മുഹമ്മദ് ഷാജി അരിമ്പ്ര, റസാഖ് മങ്ങാട്ട്, എൻ.ടി ഹംസ പെരുവയൽ എന്നിവരെ ആദരിച്ചു. മിനി സജി രചിച്ച 'കുട്ടികൾ വായിച്ചിരിക്കേണ്ട പുസ്തകങ്ങൾ' ഡോ. കെ. കുഞ്ഞാലി, അഡ്വ.രത്നകുമാരി ഗിരീഷിന് നൽകി പ്രകാശനം ചെയ്തു. വി.വി ബാബു ജോസഫ് തൃശൂർ, കെ.വി ഉസ്മാൻ മണ്ണാർകാട്, എ.കെ ജാബിർ കക്കോടി, പി.അനിൽ, മൊയ്തീൻ ചെറുവണ്ണൂർ, കെ.പി സക്കീർ ഹുസൈൻ, ഡോ.പി.ടി സാബിറ, നസീം കൊടിയത്തൂർ, മിനി സജി, ഷാജി മൊകവൂർ, ശ്രീജ ബാലൻ, മൻസൂർ അക്കര കാസർകോട്, എൻ.കെ ഷമീർ, ടി.ഷംസീർ, എൻ.പി ഷാഹിദ,



ശിഹാബ് തങ്ങൾ വനിത വിംഗ് സഹായ സംഘം സംഘടിപ്പിച്ച അനുമോദന സദസ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന ഡോ.കെ.കുഞ്ഞാലി

താഹിറ കുഞ്ഞഹമ്മദ്, ബുഷ്റ ജാബിർ, ഫൗസിയ ഒളവണ്ണ സംസാരിച്ചു. സംസ്ഥാന സെക്രട്ടറി റീജ കക്കോടി സ്വാഗതവും ട്രഷറർ മീനാസ് നന്ദിയും പറഞ്ഞു.

# ഹാജിമാർക്ക് കെ.എം.സി.സിയുടെ കാരുണ്യ സ്പർശം; നാനൂറോളം പേർ രക്തദാനം നടത്തി

റിയാദ്: ഈ വർഷം ഹജ്ജ് കർമം നിർവഹിക്കാനെത്തുന്ന ഹാജിമാരെ സഹായിക്കുന്നതിനായി റിയാദ് കെ.എം.സി.സി സെൻട്രൽ കമ്മിറ്റി രക്തദാന ക്യാംപ് സംഘടിപ്പിച്ചു. കിംഗ് സഊദ് മെഡിക്കൽ സിറ്റിയുമായി സഹകരിച്ച് നടത്തിയ ക്യാംപിൽ സ്ത്രീകളടക്കം നാനൂറോളം പേർ രക്തം ദാനം ചെയ്തു. റിയാദ് കെ.എം.സി.സിയുടെ ഫുട്ബോൾ ടൂർണമെന്റ് നടക്കുന്ന അസീസിയയിലെ അൽമസാന അസിസ്റ്റ്



റിയാദ് കെ.എം.സി.സി സെൻട്രൽ കമ്മിറ്റി സംഘടിപ്പിച്ച രക്തദാന ക്യാംപിൽ നിന്ന്

ഫുട്ബാൾ അക്കാദമി ഗ്രൗണ്ടിലായിരുന്നു ക്യാംപ് സംഘടിപ്പിച്ചത്. റിയാദ് കെ.എം.സി.സി സെൻട്രൽ കമ്മിറ്റി പ്രസിഡന്റ് സി.പി മുസ്തഫ അധ്യക്ഷത വഹിച്ചു. നാഷണൽ കമ്മിറ്റി സെക്രട്ടേറിയറ്റ് മെമ്പർ വി.കെ മുഹമ്മദ് ഉദ്ഘാടനം ചെയ്തു.യു.പി മുസ്തഫ, ജലീൽ തിരൂർ, മുജീബ് ഉപ്പട, കെ.ടി അബൂബക്കർ, അബ്ദുറഹ്മാൻ ഫറോക്ക്, ബാവ താനൂർ, ഷാഹിദ് മാസ്റ്റർ, സഫീർ തിരൂർ, അലി വയനാട്, പി.സി മജീദ് കാളമ്പാടി , ഉമ്മർ അമാനത്ത് , സലീം തൃശൂർ, ശിഹാബ്, ദഖ്വാൻ വയനാട്, സമദ് ചുങ്കത്തറ, നിയാസ്, സുഫിയാൻ, മുനീർ മക്കാനി, ബഷീർ വല്ലാഞ്ചിറ എന്നിവർക്ക് പുറമെ വിവിധ മണ്ഡലം, ജില്ലാ, ഏരിയാ ഭാരവാഹികളും നേതൃത്വം നൽകി. വെൽഫെയർ വിങ് ചെയർമാൻ സിദ്ധീഖ് തുവ്വൂർ സ്വാഗതവും വൈസ് ചെയർമാൻ മെഹ്ബൂബ് മർജാൻ നന്ദിയും പറഞ്ഞു.

## യു.യു.സി ആൾമാറാട്ട കേസ്: കാട്ടാക്കട ക്രിസ്ത്യൻ കോളേജിന് പിഴ

തിരുവനന്തപുരം: യു.യു.സി ആൾമാറാട്ടവുമായി ബന്ധപ്പെട്ട് കാട്ടാക്കട ക്രിസ്ത്യൻ കോളേജിന് വൻ തുക പിഴയിട്ട് കേരള സർവകലാശാല സിൻഡിക്കേറ്റ്. 1,55,938 രൂപയാണ് കോളേജിനോട് അടയ്ക്കാൻ ആവശ്യപ്പെട്ടിരിക്കുന്ന തുക.

ഇതുവഴിയുണ്ടായ നഷ്ടം കോളേജിൽ നിന്നും ഈടാക്കുന്നതിന്റെ കൂടി ഭാഗമായാണ് പിഴയിട്ടത്. ആൾമാറാട്ടം കണ്ടെത്തിയതിലൂടെ സർവ്വകലാശാല തെരെഞ്ഞെടുപ്പ് മാറ്റിവയ്ക്കേണ്ടി വന്ന സാഹചര്യത്തിലാണ് നടപടി.സർവകലാശാലയിലെ 183 അഫിലിയേറ്റഡ് കോളേജുകളിൽ നിന്നുള്ള 39 യു.യു.സിമാരെ അയോഗ്യരാക്കിയിട്ടുണ്ട്.

പ്രായപരിധി കഴിഞ്ഞവരും നിയമാനുസരണം മത്സരിക്കാൻ യോഗ്യതയില്ലാത്ത യു യു സി മാ രെ യു മാ ണ് അ യോ ഗ്യ രാ ക്കി യ ത് .ഇന്നലെ സർവകലാശാല വിസി ഡോ. മോഹൻ കുന്നമ്മലിന്റെ നേതൃത്വത്തിൽ ചേർന്ന സിൻഡിക്കേറ്റിന്റേതാണ് തീരുമാനം.



കേരള മെഡിക്കൽ ഡിസ്ട്രിബ്യൂഷൻ അസോസിയേഷൻ (കെ.എം.ഡി.എ) ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന എം.കെ രാഘവൻ എം.പി

## മെഡിക്കൽ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ജി.എസ്.ടി ഏകീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദം ചെലുത്തും: എം.കെ രാഘവൻ എം.പി

കോഴിക്കോട്: മെഡിക്കൽ ഉപകരണങ്ങളുടെയും മരുന്നുകളുടെയും ജി.എസ്.ടി ഏകീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമെന്ന് എം.കെ രാഘവൻ എം.പി. ഇതിനായി എങ്ങനെ വേണമെന്നതുൾപ്പെട്ട നിർദേശമടങ്ങിയ നിവേദനം സംഘടനാതലത്തിൽ തയ്യാറാക്കി നൽകിയാൽ കേന്ദ്ര ധനകാര്യ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താമെന്നും എം.പി പറഞ്ഞു. കേരള മെഡിക്കൽ ഡിസ്ട്രിബ്യൂഷൻ അസോസിയേഷൻ (കെ.എം.ഡി.എ) ജില്ലാ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എം.പി. നല്ല ചികിത്സ കിട്ടാൻ സർക്കാർ ആശുപത്രിയെ ആശ്രയിക്കുന്നുണ്ടെങ്കിലും മരുന്ന് പുറത്തുനിന്ന് വാങ്ങാൻ നിർബന്ധിതരാകുന്നുണ്ട്. ഈ സാഹചര്യത്തിൽ പാവപ്പെട്ട രോഗികളെ സഹായിക്കാൻ സാമൂഹ്യ പ്രതിബദ്ധതയോടെ ഇടപെടാൻ സംഘടന തയ്യാറകണമെന്ന് എം.പി കൂട്ടിച്ചേർത്തു. സംഘാടക സമിതി ചെയർമാൻ കെ.വി.എം ഫിറോസ് അധ്യക്ഷത വഹിച്ചു. 20 വർഷമായി ഈ മേഖലയിൽ പ്രവർത്തിക്കുന്നവരെ എം.പി ആദരിച്ചു. അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർ ഷാജി എം. വർഗീസ് ക്ലാസെടുത്തു. കേരള വ്യാപാരി വ്യവസായി സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് സൂര്യ അബ്ദുൾ ഗഫൂർ മുഖ്യാതിഥിയായി. ഈ മേഖലയിലുള്ളവർ കൂടുതൽ ദിവസം കടം കൊടുത്ത് അനാരോഗ്യകരമായ മത്സരം ഒഴിവാക്കണമെന്ന് സൂര്യ അബ്ദുൾ ഗഫൂർ പറഞ്ഞു. കെ.എം.ഡി.എ സംസ്ഥാന സെക്രട്ടറി പി. അനിൽ കുമാർ, കണ്ണൂർ ജില്ലാ പ്രസിഡന്റ് സുനിൽ ഇടക്കാടൻ, സെക്രട്ടറി പി. കനകരാജൻ, കെ.പി.എൽ.ഒ.എഫ് ജില്ല സെക്രട്ടറി മനോജ് കുമാർ എന്നിവർ സംസാരിച്ചു. കെ. ഹരീഷ്, എം. ഷാജു എന്നിവർ പ്രമേയം അവതരിപ്പിച്ചു. മരുന്ന് വില കുറയ്ക്കാൻ ജി.എസ്.ടി നിരക്ക് ഏകീകരിക്കണമെന്നും ലീഗൽ മെട്രോളജി ഫീസ് ഒരു വർഷം എന്നത് അഞ്ച് വർഷത്തേക്ക് നീട്ടണമെന്നും കെ.എം.ഡി.എ പ്രമേയത്തിലൂടെ സർക്കാരിനോട് ആവശ്യപ്പെട്ടു. സംഘാടക സമിതി കൺവീനർ ടി.ടി ധനേഷ് സ്വാഗതവും ടി.പി സുഭീഷ് നന്ദിയും പറഞ്ഞു.

## 'മിഠായിത്തെരുവിൽ വാഹനഗതാഗതം അനുവദിക്കണം'

കോഴിക്കോട്: സി.എച്ച് മേൽപ്പാലം അറ്റകുറ്റപ്പണികൾക്ക് അടയ്ക്കുന്ന സാഹചര്യത്തിൽ നഗരത്തിലെ ഗതാഗതക്കുരുക്ക് ലഘൂകരിക്കാൻ മിഠായിത്തെരുവിൽ ലൈറ്റ് മോട്ടോർ വാഹനങ്ങൾ അനുവദിക്കണമെന്ന് മലബാർ ഡെവലപ്മെന്റ് കൗൺസിൽ നേതൃത്വത്തിൽ ചേർന്ന വിവിധ സംഘടനാ ഭാരവാഹികളുടെ സംയുക്ത യോഗം ബന്ധപ്പെട്ടവരോട് അഭ്യർഥിച്ചു. പ്രസിഡന്റ് ഷെവ. സി.ഇ ചാക്കുണ്ണി അധ്യക്ഷത വഹിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ അധികാരികൾ ചില ട്രാഫിക് പുനഃക്രമീകരണങ്ങൾ നടത്തിയിട്ടുണ്ടെങ്കിലും അത് അപര്യാപ്തമാണെന്നും സമസ്ത മേഖലകളിലും ബുദ്ധിമുട്ട് സൃഷ്ടിക്കാൻ ഇടവരുത്തുമെന്ന് യോഗം അഭിപ്രായപ്പെട്ടു.

ഗതാഗതക്കുരുക്ക് ലഘൂകരിക്കുന്നതിനും മിഠായിത്തെരുവിൽ വാഹന ഗതാഗതം പുനഃസ്ഥാപിച്ചാൽ കോയൻകോ ബസാർ, ഗ്രാൻഡ് ബസാർ, ചെട്ടിയാർ കോമ്പൗണ്ട് എന്നിവിടങ്ങളിലെ പാർക്കിംഗ് സൗകര്യങ്ങൾ മിഠായിത്തെരുവിലേക്ക് വരുന്ന വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനും ചരക്ക് കയറ്റിറക്കം നടത്തുന്നതിനും ജി.എച്ച് റോഡിലെ തിരക്ക് കുറയ്ക്കുന്നതിനും ഏറെ ഉപകരിക്കും. വടക്കുനിന്ന് റെയിൽവേ സ്റ്റേഷനിലേക്കും, വലിയങ്ങാടിയിലേക്കും, കോടതിയിലേക്കും എല്ലാമുള്ള ഏക വഴി ജി.എച്ച് റോഡ് ലിങ്ക് റോഡ് വഴി മാത്രമാവും. മേലെ പാളയം റോഡ് വൺവേ ആക്കുന്നത് ആ മേഖലയിലേക്കുള്ള യാത്ര ദുഷ്കരമാവുകയും തീവണ്ടി യാത്രക്കാർക്ക് ബുദ്ധിമുട്ടുകളും നേരിടും.

പോലിസ് കമ്മീഷണർ ചെയർമാനും ട്രാഫിക് അസിസ്റ്റന്റ് കമ്മീഷണർ ജനറൽ കൺവീനറുമായി മുൻപ് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ട്രാഫിക് ഉപദേശക സമിതി പുനഃസ്ഥാപിച്ച് ഇത്തരം വേളകളിൽ വ്യാപാര സാമൂഹിക സാംസ്കാരിക സന്നദ്ധ സംഘടനകളുമായി യോഗം ചേർന്ന് അഭിപ്രായ സമന്വയം ഉണ്ടാക്കണമെന്നും അവർ അഭ്യർത്ഥിച്ചു. ഈ ആവശ്യം ജനപ്രതിനിധികൾ, നഗരസഭ, ജില്ലാ ഭരണകൂടം, പോലിസ് അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനും യോഗം തീരുമാനിച്ചു. സ്മോൾ സ്കെയിൽ ബിൽഡിംഗ് ഓണേഴ്സ് അസോസിയേഷൻ സെക്രട്ടറി പി. ഹമീദ്, കൺസ്യൂമർ ഗുഡ്സ് ഡിസ്ട്രിബ്യൂട്ടേഴ്സ് അസോസിയേഷൻ ജനറൽ സെക്രട്ടറി സി.സി മനോജ്, ഡിസ്ട്രിക്ട് മർച്ചന്റ്സ് അസോസിയേഷൻ സെക്രട്ടറി സി.വി ജോസ്സി, സിറ്റി മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം.ഐ അഷറഫ്, ജനറൽ സെക്രട്ടറി എം.എൻ ഉല്ലാസൻ, കോൺഫെഡറേഷൻ ഓഫ് ഓൾ ഇന്ത്യ റെയിൽ യൂസേഴ്സ് അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് അഡ്വക്കേറ്റ് എം.കെ അയ്യപ്പൻ എന്നിവർ പങ്കെടുത്തു.

## ഓണം-ക്രിസ്മസ് മെഗാ ബംബർ നറുക്കെടുപ്പ് വിജയികൾക്കുള്ള സമ്മാന വിതരണം നടത്തി

കണ്ണൂർ: ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സിന്റെ ഓണം-ക്രിസ്മസ് മെഗാ ബംബർ നറുക്കെടുപ്പിൽ വിജയികളായവർക്കുള്ള സമ്മാന വിതരണം കണ്ണൂർ ഷോറൂമിൽ നടന്നു. ബംബർ സമ്മാനമായ മാരുതി സ്വിഫ്റ്റ് കാർ വിജയിയായ രഹന തോട്ടട, റഫ്രിജറേറ്റർ സമ്മാനമായി ലഭിച്ച നിത്യ കാഞ്ഞങ്ങാട് എന്നിവർക്ക് മേയർ ടി.ഒ. മോഹനൻ, ജില്ല പഞ്ചായത്ത് പ്രസിഡന്റ് പി.പി ദിവ്യ എന്നിവർ ചേർന്ന് സമ്മാനം കൈമാറി. ചടങ്ങിൽ ബോബി ചെമ്മണൂർ ഇന്റർനാഷണൽ ജ്വല്ലേഴ്സ് സോണൽ മാനേജർ ബിജു ജോർജ്, ഡി.ജി.എം ജിജോ വി.എൽ, പി.ആർ.ഒ ജോജി എം.ജെ, റീജിയണൽ മാനേജർമാരായ ജോർജ് എം.എക്സ്, അനീഷ് ബാബു, ഷോറൂം മാനേജർ ജിൽസൺ പി.എ, അസിസ്റ്റന്റ് മാനേജർ അനിൽ കുമാർ, ആനന്ദ്, മാർക്കറ്റിംഗ് മാനേജർ തേജ തുടങ്ങിയവർ സംബന്ധിച്ചു.



പുതുപ്പാടി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിന്റെ പുതിയ കെട്ടിടം വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഓൺലൈനായി ഉദ്ഘാടനം ചെയ്യുന്നു

## സംസ്ഥാനത്ത് വ്യാപക മഴയ്ക്ക് സാധ്യത; അഞ്ച് ജില്ലകളിൽ യെല്ലോ അലർട്ട്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്നും ശക്തമായ മഴക്ക് സാധ്യത. പത്തനംതിട്ട മുതൽ ഇടുക്കി വരെയുള്ള ജില്ലകളിൽ യെല്ലോ അലർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. നാളെയും ഈ ജില്ലകളിൽ യെല്ലോ അലർട്ടാണ്. മോശം കാലാവസ്ഥക്കും ഉയർന്ന തിരമാലകൾക്കും സാധ്യതയുള്ളതിനാൽ കേരളാ, കർണാടക, ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിനും വിലക്കുണ്ട്. വടക്കുകിഴക്കൻ ബംഗാൾ ഉൾക്കടലിൽ രൂപപ്പെട്ട ന്യൂനമർദം വരും മണിക്കൂറുകളിൽ ശക്തി കൂടിയ ന്യൂനമർദമായി മാറും. പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിലാണ് ഇന്നും നാളെയും യെല്ലോ അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

## കേന്ദ്ര സർക്കാരിന്റെ വികസന ക്ഷേമ പദ്ധതികളിൽ മലബാറിന് അർഹമായ പരിഗണന നൽകണം: എം.ഡി.സി

കോഴിക്കോട്: തീരദേശ സന്ദർശനവുമായി കോഴിക്കോട് എത്തിയ കേന്ദ്ര ഫിഷറീസ് മന്ത്രി പർഷോത്തം രൂപാല, സഹമന്ത്രി ഡോക്ടർ എൽ.മുരുകൻ എന്നിവരുമായി മലബാർ ഡെവലപ്മെന്റ് കൗൺസിൽ ഭാരവാഹികൾ കൂടിക്കാഴ്ച നടത്തി. സർക്കാർ അതിഥി മന്ദിരത്തിൽ നടത്തിയ കൂടിക്കാഴ്ചയിൽ പ്രസിഡന്റ് ഷെവ. സി.ഇ. ചാക്കുണ്ണി കേന്ദ്ര ഫിഷറീസ് സഹമന്ത്രി ഡോക്ടർ എൽ. മുരുകനെ പൊന്നാട അണിയിച്ചു. കൗൺസിൽ ഭാരവാഹികളായ അഡ്വക്കേറ്റ് വിക്ടർ ആന്റണി നൂൺ, പ്രൊഫസർ ഫിലിപ്പ് കെ. ആന്റണി, സി.എ ബ്യൂട്ടി പ്രസാദ് എന്നിവർ പങ്കെടുത്തു. തദവസരത്തിൽ ബി.ജെ.പി ജില്ലാ പ്രസിഡന്റ് വി.കെ.സജീവൻ സന്നിഹിതനായിരുന്നു. കേരളത്തിന് നല്ല പരിഗണന ഇപ്പോൾ തന്നെ പ്രധാനമന്ത്രിയും കേന്ദ്ര സർക്കാരും നൽകുന്നുണ്ടെന്നും തങ്ങളുടെ വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയിച്ചാൽ പരിഗണിക്കാമെന്നും അവർ സംഘത്തെ അറിയിച്ചു.


പ്രസിഡന്റ് ഷെവ. സി.ഇ. ചാക്കുണ്ണി കേന്ദ്ര ഫിഷറീസ് സഹമന്ത്രി ഡോക്ടർ എൽ. മുരുകനെ പൊന്നാട അണിയിച്ച് ആദരിച്ചപ്പോൾ

## കെ. ഗോപാലൻ അനുസ്മരണം നേടത്തി

കോഴിക്കോട്: സ്വാതന്ത്ര്യ സമര സേനാനിയും, രാജ്യസഭ അംഗവുമായിരുന്ന കെ. ഗോപാലൻ അനുസ്മരണവും സോഷ്യലിസ്റ്റ് ജനതാദൾ കോഴിക്കോട് ജില്ലാ നേതൃത്വ സമ്മേളനവും സംസ്ഥാന പ്രസിഡന്റ് വി.വി രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ സീസണിൽ സപ്ലൈക്കോ വഴി സംഭരിച്ച നെല്ലിന്റെ വില അടിയന്തിരമായി കർഷകരുടെ കൈകളിൽ എത്തുവാൻ നടപടികൾ സ്വീകരിക്കണമെന്ന് വി.വി രാജേന്ദ്രൻ ആവശ്യപ്പെട്ടു.പാർട്ടി ജില്ലാ പ്രസിഡന്റ് വിജയൻ താന്നാളിൽ അധ്യക്ഷത വഹിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റുമാരായ വേലായുധൻ ശ്രീനന്ദനം, ഇളമന പരമേശ്വരൻ, ജില്ലാ ഭാരവാഹികളായ എ. സുധിൻരാജ്, ഇ. ഹരീഷ്, റംല, എൻ.പി അംബിക എന്നിവർ സംസാരിച്ചു.

## ഓർമ്മച്ചെപ്പ് മഹാസംഗമം ഇന്ന്

തലശ്ശേരി:വടക്കുമ്പാട് ഗവ.ഹയർ സെക്കൻഡറി സ്കൂളിന്റെ ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണജൂബിലി ആഘോഷവും പൂർവ വിദ്യാർഥികളുടെ ഓർമ്മച്ചെപ്പ് മഹാസംഗമവും 11ന് രാവിലെ 10 മണിക്ക് മുൻ വിദ്യാഭ്യാസ മന്ത്രി പ്രൊഫ. സി.രവീന്ദ്രനാഥ് ഉദ്ഘാടനം ചെയ്യും. ഡോ. സോമൻ കടലൂർ മുഖ്യ പ്രഭാഷണം നടത്തും.എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എ പ്ലസ് നേടിയ വിദ്യാർത്ഥികൾക്ക് ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ.ബിനോയ് കുര്യൻ ഉപഹാരം നൽകും. ജില്ലാ ബ്ലോക്ക് പഞ്ചായത്ത് ജനപ്രതിനിധികളും വിവിധ രാഷ്ട്രീയപാർട്ടി പ്രതിനിധികളും പങ്കെടുക്കും. ദ്ഘാടനത്തിനു ശേഷം പൂർവ്വ വിദ്യാർത്ഥികളുടെ കലാപരിപാടികൾ ഉണ്ടായിരിക്കും

## കണ്ണൂർ എയർപോർട്ടിനോടിനോടുള്ള കേന്ദ്രസർക്കാർ അവഗണന പ്രതിഷേധാർഹം: പുന്നക്കൻ മുഹമ്മദലി




ദുബായ്: കണ്ണൂർ ഇന്റർനാഷണൽ എയപോർട്ടിനോട് കേന്ദ്ര സർക്കാർ കാണിക്കുന്ന അവഗണന പ്രതിഷേധാർഹമാണെന്ന് സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തകൻ പുന്നക്കൻ മുഹമ്മദലി പറഞ്ഞു. കണ്ണൂർ എയർപോർട്ടിനോട് വ്യോമയാന വകുപ്പും അതിന്റെ മന്ത്രിയും ചിറ്റമ്മനയമാണ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിലെ രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും ജനാധിപത്യവിശ്വാസികളും ശക്തമായി പ്രതികരിക്കണം. കേരളത്തിലെ മറ്റു എയർപോർട്ടിൽ നൽകുന്നതിനേക്കാൾ ഭാരിച്ച ടിക്കറ്റ് ചാർജ് കൊടുത്തിട്ടുപോലും കൂടുതൽ വിമാനങ്ങൾ അനുവദിക്കാത്തത് കണ്ണൂർ എയർപോർട്ട് തകർക്കാനുള്ള അജണ്ടയാണെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വ്യോമയാന മന്ത്രാലയവുമായി അടിയന്തരമായി ഇടപ്പെട്ട് പ്രശ്നപരിഹാരം നടത്തണമെന്ന് പുന്നക്കൻ മുഹമ്മദലി ആവശ്യപ്പെട്ടു.


മിശ്കാൽ റെസിഡൻസ് ആന്റ് വെൽഫെയർ അസോസിയേഷൻ യോഗത്തിൽ നിന്ന്

## പ്ലസ് വൺ സീറ്റ് അപര്യാപ്തത പരിഹരിക്കണം: മിർവ

കോഴിക്കോട്: ഹയർ സെക്കൻഡറി പ്രവേശനത്തിന് വിദ്യാർഥികൾ നേരിടുന്ന പ്രയാസങ്ങൾ സമയബന്ധിതമായി പരിഹരിക്കാൻ സർക്കാർ ഇടപെടണമെന്ന് കുറ്റിച്ചിറ മിശ്കാൽ റെസിഡൻസ് ആന്റ് വെൽഫെയർ അസോസിയേഷൻ (മിർവ) ആവശ്യപെട്ടു. പ്രദേശത്ത് ഹയർ സെക്കൻഡറി പ്രവേശനത്തിന് യോഗ്യത നേടിയ കുട്ടികൾക്ക് ആനുപാതകമായി സീറ്റുകൾ അനുവദിക്കാൻ സർക്കാർ തയ്യാറാവണം. മിർവ പ്രസിഡന്റ് പി. മുഹമ്മദ് അലി അധ്യക്ഷത വഹിച്ച യോഗത്തിൽ ജനറൽ സെക്രട്ടറി സി.വി ശംസുദ്ധീൻ, ട്രഷറർ എം. മുഹമ്മദ് ഹാഫിസ്, കെ.വി മുഹമ്മദ് ശുഹൈബ്, എ.റിയാസ്, കെ. ഫ്രൈജർ, നിസാർ മൊല്ലാന്റകം, പി.ടി അഹ്മദ് കോയ, പി.ടി ഷൗക്കത്ത് എന്നിവർ സംസാരിച്ചു.

# 'പർണ്ണശാല പോലൊരിടം താപസനെപ്പോലൊരു ഗുരുനാഥൻ'

**ചാലക്കര പുരുഷു**

തലശ്ശേരി: സൗഹൃദത്തിന്റെ പൂന്തോപ്പുകളും കരുതലിന്റേയും ആത്മാർത്ഥതയുടേയും തെളിനീർപ്പുഴകളും ദാർശനികതയുടെ ആകാശങ്ങളും നൻമയുടെ കൊടുമുടികളും പ്രണയത്തിന്റെ മഴവില്ലുകളും സ്നേഹത്തിന്റെ പുൽമേടുകളുമെല്ലാം ഇവിടെ കാണാം. ആർജ്ജിത ജ്ഞാനത്തിന്റെ ആൾരൂപമായ എ.വി രത്നകുമാർ എന്ന നിസ്വാർത്ഥനായ ഗുരുനാഥന്റെ വീട്, ഇന്ന് ഒരുദേശത്തിന്റെ സാംസ്ക്കാരിക-സാമൂഹ്യ പാഠശാലയാണ്. അദ്ധ്യാപകവൃത്തിയിൽ നിന്ന് വിരമിച്ചതിന് ശേഷം 2018 ൽ വടക്കുമ്പാട് മഠത്തും ഭാഗത്തെ തന്റെ വീട്ടുമുറ്റത്ത് ആരംഭിച്ച ഗ്രാൻമ തിയേറ്റർ ഇന്ന് ഒരു നാടിന്റെ വികാരമാണ്. 320ലധികം കലാസാംസ്ക്കാരിക പരിപാടികൾക്കാണ് ഇവിടം വേദിയായത്. ഇക്കഴിഞ്ഞ ജനുവരിക്ക് ശേഷം മാത്രം 55 വ്യത്യസ്ത പരിപാടികൾ പുസ്തകെ വായന, ചർച്ചകൾ, സംവാദങ്ങൾ, സാംസ്ക്കാരിക സദസ്സുകൾ, നാടക ക്യാംപുകൾ, നാട്ടുകലകളെ പരിചയപ്പെടുത്തൽ, കലാകാര സംഗമങ്ങൾ, സംഗീത സന്ധ്യകൾ, ദൃശ്യാവിഷ്ക്കാരങ്ങൾ, മാനവീയ സദസ്സുകൾ, അന്താരാഷ്ട്ര ചലച്ചിത്രോത്സവങ്ങൾ, ഷോർട്ട് ഫിലിം നിർമ്മാണം, പുസ്തകപ്രസാധനം, കുട്ടികൾക്കും രക്ഷിതാക്കൾക്കുമുള്ള കൗൺസലിംഗ് ഗൈഡൻസ് ക്ലാസ്സുകൾ, ശാസ്ത്ര ക്ലാസ്സുകൾ, മന:ശ്ശാസ്ത്ര ക്ലാസ്സുകൾ, വിവിധ മാനസിക കായിക പരിശീലനങ്ങൾ, തൊഴിൽ പരിശീലനം, അയൽപക്ക സദസ്സുകൾ എന്നിങ്ങനെ പോകുന്നു ഗ്രാൻമ തിയേറ്ററിന്റെ സവിശേഷതകൾ. സാധാരണ മനുഷ്യർക്ക് തങ്ങളുടെ ജീവിതത്തിന്റെ രസതന്ത്രം മനസ്സിലാക്കാൻ സഹായകമായ ഒരു പാഠശാലയായി ഗ്രാൻമ തിയേറ്റർ മാറിക്കഴിഞ്ഞിരിക്കുന്നു. നിരന്തരം പരിപാടികൾ നടക്കുമ്പോഴും ഇവിടെ പിരിവ് എന്നൊന്നില്ല. ഗ്രാൻമ തിയേറ്റർ പ്രസിദ്ധീകരിച്ച പുസ്തകങ്ങൾ വിറ്റ് കിട്ടുന്ന പണവും തിയേറ്റർ നടത്തുന്ന ഒരു മാസം നീളുന്ന മിറാക്കിൾ ലൈഫ് മനഃശ്ശാസ്ത്ര ക്ലാസ്സിൽ നിന്ന് കിട്ടുന്ന നാമമാത്ര ഫീസും അത്യാവശ്യം മാഷിന്റെ പെൻഷൻ തുകയും. ജീവിതത്തിന്റെ സ്വാഭാവിക താളം തിരിച്ചുകൊണ്ടുവരാൻ സഹായിക്കുന്ന അനുഭവാത്മക പരിശീലനമാണ് മിറാക്കിൾ ലൈഫ് എന്ന് ഗ്രാൻമ തിയേറ്ററിന്റെ ശിൽപ്പിയായ എ.വി.രത്നകുമാർ മാസ്റ്റർ പറഞ്ഞു.



ഗ്രാൻമ തിയേറ്ററിൽ നിന്നുമുള്ള ദൃശ്യം

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.